**കേരള സർക്കാർ**

സംഗ്രഹം

ഐ.എഫ്.എം.എസ് --- വ്യക്തിഗത ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ നിന്ന് പണമായി പിൻവലിക്കാവുന്ന തുകയുടെ പരിധി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ.(അച്ചടി) നമ്പർ.92/2019/ധന.** **തീയതി, തിരുവനന്തപുരം, 19.07.2019**

പരാമർശം :- ട്രഷറി ഡയറക്ടറുടെ 18.06.2019 - ലെ TRY/10520/2019-F2 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശത്തിലെ കത്ത് പ്രകാരം, ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുള്ള ഏതൊരാൾക്കും സംസ്ഥാനത്തെ ഏതു ട്രഷറിയിൽ നിന്നും പണം പിൻവലിക്കാനും ഒടുക്കാനുമുള്ള സൗകര്യം നിലവിലുണ്ടെന്നും എന്നാൽ റ്റി.എസ്.ബി. അക്കൗണ്ടിൽ നിന്നും പണമായി പിൻവലിക്കാവുന്ന തുകയ്ക്ക് ഉയർന്ന പരിധി നിശ്ചയിച്ചിട്ടില്ലായെന്നും, പിൻവലിക്കുന്നതിന് മറ്റ് നിയന്ത്രണങ്ങൾ വ്യക്തിഗത റ്റി.എസ്.ബി. ക്ക് ബാധകമാക്കിക്കൊണ്ട് സർക്കാർ നിർദ്ദേശമൊന്നും പുറപ്പെടുവിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, വ്യക്തിഗത ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിന്നും പണമായി പിൻവലിക്കുന്ന തുകയ്ക്ക് നിയന്ത്രണമേർപ്പെടുത്തേണ്ടത് അനിവാര്യമായി കാണുന്നുവെന്നും; അതിനാൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലും വ്യക്തിഗത ഇടപാട് പ്രതിദിനം രണ്ടു ലക്ഷമാക്കി നിജപ്പെടുത്താനുള്ള സർക്കാർ അനുമതി നൽകണമെന്ന് ട്രഷറി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, വ്യക്തിഗത ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിന്നും **ഒരു ദിവസം പണമായി പിൻവലിക്കാൻ കഴിയുന്ന തുക രണ്ടു ലക്ഷം രൂപ** മാത്രമാക്കി നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. എന്നാൽ കാലാവധി പൂർത്തിയാക്കിയ സ്ഥിരനിക്ഷേപങ്ങൾ പിൻവലിക്കുന്നതിന് മേൽപ്പറഞ്ഞ പരിധി ബാധകമല്ല.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**സുരേഷ് കുമാർ ഒ.ബി.**,
ധനകാര്യ ഡെപ്യൂട്ടി സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (എ & ഇ / ജി & എസ്.എസ്.എ / ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ